"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ പത്തനാപുരം ബൈപാസ്സ് നിർമ്മാണപ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ പ്രവൃത്തിക്കായി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1151/2024/PWD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:- 1. 29.11.2021 -ലെ സ.ഉ (സാധാ) നം. 1054/2021/പൊമവ

2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 21.04.2024-ലെ -CEPWD/22242/2023-FR4(F)-RD നം. കത്ത്

**ഉത്തരവ്**

മേൽ പരാമർശം 1 പ്രകാരം പത്തനാപുരം ബൈപാസിന്റെ ഒന്നാം ഘട്ടപ്രവർത്തനങ്ങൾക്ക് വേണ്ടി 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മേൽ പരാമർശം 2 പ്രകാരം നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയ കത്ത് പ്രകാരം ഏറ്റെടുക്കേണ്ട ഭൂമിയുടെ സ്ഥലവിലയിനത്തിൽ ആകെ 220 സെന്റ് ഭൂമിക്ക് 8,80,00,000/-രൂപ ചിലവ് പ്രതീക്ഷിക്കുന്നതും ടി ഭൂമി വിലയുടെ 5% തുകയായ 44,00,000/- രൂപ കണ്ടിജൻസി ചാർജായി 8443-00-117-99 Work Deposit എന്ന ശീർഷകത്തിൽ ഒടുക്കണമെന്ന് അറിയിച്ചുകൊണ്ട് സ്പെഷ്യൽ തഹസിൽദാർ,എൽ എ നമ്പർ2കൊല്ലം പ്രൊപോസൽ സമർപ്പിച്ചിട്ടുള്ളതായും, ആയതിനാൽ പാരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം പത്തനാപുരം ബൈപാസിന്റെ ഒന്നാം ഘട്ടപ്രവർത്തനങ്ങൾക്ക് അനുവദിച്ച ഭരണാനുമതി തുകയായ 400 ലക്ഷം രൂപയോടൊപ്പം 480 ലക്ഷം രൂപ കൂടി ചേർത്ത് ആകെ തുകയായ 880 ലക്ഷം രൂപക്ക് ഭൂമി ഏറ്റെടുക്കുന്ന ആവശ്യത്തിലേക്ക് വിനിയോഗിക്കുന്നതിനായുള്ള പുതുക്കിയ ഭരണാനുമതി 5054-04-337-99-00-16-00-PVഎന്ന ശീർഷകത്തിൽ ലഭ്യമാക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, പത്തനാപുരം ബൈപാസിന്റെ ഒന്നാം ഘട്ടപ്രവർത്തനങ്ങൾക്ക് മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം അനുവദിച്ച ഭരണാനുമതി തുകയായ 400 ലക്ഷം രൂപയോടൊപ്പം പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്ന ആവശ്യത്തിലേക്ക് വിനിയോഗിക്കുന്നതിനായി 480 ലക്ഷം രൂപ കൂടി ചേർത്ത് ആകെ തുകയായ 880 ലക്ഷം രൂപയ്ക്കു (എട്ടു കോടി എൺപത് ലക്ഷം രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-99-00-16-00-PVഎന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), ദക്ഷിണ മേഖല,
പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കൊല്ലം
ധനകാര്യ വകുപ്പ് (No.I&PW-B1/114/2021-Fin. (E 1702830) dated23.10.2024)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 13-11-2024 15:31:58
സെക്ഷൻ ഓഫീസർ